പതിനാലാം കേരളനിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം 97 — 10/08/2017 -ൽ മറുപടിയ്ക്ക്

# വിദ്യാർത്ഥികളുടെ ജനാധിപത്യ സംഘടനാ പ്രവർത്തനം നിയമവിധേയമാക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.മുരളി പെരുനെല്ലി<br>,, റ്റി.വി.രാജേഷ്<br>,, ഐ.ബി. സതീഷ്<br>,, പി.ടി.എ. റഹീം | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) വിദ്യാർത്ഥികളുടെ ജനാധിപത്യ വേദികൾ ചില നിക്ഷിപ്ത താത്പര്യത്തോടെ നിരോധിച്ചത് വിദ്യാർത്ഥികളിൽ ജനാധിപത്യ ബോധത്തിന്റെ സ്ഥാനത്ത് ജാതി, മത, സങ്കുചിത, വിഭാഗീയ മനോഭാവം ഉടലെടുക്കുന്നതിന് കളമൊരുക്കുന്നുവെന്ന് വ്യക്തമായ സാഹചര്യത്തിൽ ഹൈസ്കൂൾ തലം മുതലെങ്കിലും വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ ജനാധിപത്യ സംഘടനാ പ്രവർത്തനം നിയമവിധേയമാക്കുമോ; | (എ) ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഉൾപ്പെടെയുള്ള സർക്കാർ നിയന്ത്രിത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ തെരെഞ്ഞെടുപ്പ് പോലുള്ള നിയമപ്രകാര മാർഗ്ഗങ്ങളിലൂടെ ജനാധിപത്യ രീതിയിൽ തന്നെ വിദ്യാർത്ഥികൾക്ക് അവരുടെ ജനാധിപത്യ അവകാശം നിലവിൽ അനുവദിച്ചു വരുന്നുണ്ട്. സ്കൂൾ വിദ്യാർത്ഥികളുടെ ജനാധിപത്യ ബോധവും ഐക്യവും വളർത്തുവാൻ സഹായകരമായ രീതിയിൽ സ്കൂൾ പാർലമെന്റ് തെരെഞ്ഞെടുപ്പ് നടത്തി വരുന്നുണ്ട്. എല്ലാ അക്കാദമിക വർഷവും സ്കൂൾ പാർലമെന്റ് രൂപവൽക്കരണം നടത്തുന്നത് സംബന്ധിച്ച് പൊതു വിദ്യാഭ്യാസ ഡയറക്ടർ തലത്തിൽ സർക്കുലർ പുറപ്പെടുവിക്കാറുണ്ട്. ആയത് സ.ഉ.(എം.എസ്) നമ്പർ 194/2007/ പൊ.വി.വ തീയതി 05/11/2007 എന്നതിന് വിധേയമായിട്ടായിരിക്കണമെന്ന് നിഷ്കർഷിക്കുന്നു. കൂടാതെ തികച്ചും സമാധാനപരവും രാഷ്ട്രീയപാർട്ടികളുടെ ഇടപെടലുകൾ ഇല്ലാതെയായിരിക്കണം സ്കൂൾ പാർലമെന്റ് തെരെഞ്ഞെടുപ്പ് നടത്തേണ്ടത്. അതോടൊപ്പം ബഹു: ഹൈക്കോടതിയുടെ ഒ.പി. നമ്പർ 10046/96 എന്ന കേസിലെ 08/11/2006 ലെ വിധിന്യായത്തിന്റെയും 1936/96, 1341/97, 262/97 എന്നീ റിട്ട് അപ്പീലുകളിന്മേലുള്ള വിധി ന്യായത്തിന്റെ അടിസ്ഥാനത്തിലാണ് സ്കൂൾ പാർലമെന്റ് ഇലക്ഷൻ നടത്തി വരുന്നത്. |

| | |
|---|---|
| (ബി) സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങളിൽ മാത്രമല്ല എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിലും പ്രവേശനം നേടുന്ന സമയത്ത് വിദ്യാർത്ഥി സംഘടനാ പ്രവർത്തനം നടത്തുകയില്ലെന്ന് വിദ്യാർത്ഥികളും രക്ഷിതാക്കളും ഒപ്പിട്ടു നൽകാൻ നിർബന്ധിതരാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അരാജകത്വവും വർഗ്ഗീയവത്കരണവും ശക്തമായതിനാൽ ജനാധിപത്യ പരമായ വിദ്യാർത്ഥി സംഘടനാ പ്രവർത്തനം പുന:സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) വിദ്യാഭ്യാസത്തോടൊപ്പം സാമൂഹ്യബോധവും നീതി ബോധവുമുള്ള ഒരു തലമുറയെ വാർത്തെടുക്കേണ്ടതിനാൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാർത്ഥികളുടെ ജനാധിപത്യാവകാശങ്ങൾ ധ്വംസിക്കപ്പെടാതിരിക്കാൻ സർക്കാർ ആവശ്യമായ ഇടപെടൽ നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ